"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി- ബെസ്റ്റ് വർണ്ണക്കൂട്ട് അവാർഡ് -സമഗ്ര ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിത ശിശു വികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം.241/2025/WCDD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1. സ.ഉ(പി)നം.102/2017/ധന തീയതി 07/08/2017
2. വനിത ശിശു വികസന ഡയറക്ടറുടെ 29/03/2025 തീയതിയിലെ DWCD/2131/2025-ICDS A6 നമ്പർ കത്ത്
3. 03/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗനടപടിക്കുറിപ്പ്

**ഉത്തരവ്**

സംസ്ഥാനത്തെ അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കുമാരി ക്ലബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കുമാരി ക്ലബുകളെ 'വർണ്ണക്കൂട്ട്' എന്ന പേരിൽ പുനഃനാമകരണം ചെയ്യുവാനും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന 'വർണ്ണക്കൂട്ട്' കളെ കണ്ടത്തി ICDS പ്രോജക്റ്റ് , ജില്ല തലങ്ങളിൽ യഥാക്രമം 1250/-, 5000/- എന്ന ക്രമത്തിൽ അവാർഡ് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. കൗമാരക്കാരായ പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനത്തിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, സംസ്ഥാനത്ത് പ്രോജക്ട് തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന അങ്കണവാടികൾ കണ്ടെത്തി അവാർഡ് നൽ കുക, ക്ലബുകളിലെ കുട്ടികൾക്കുള്ള പോഷകാഹാര വിതരണം, ആരോഗ്യം, പോഷണ വിദ്യാഭ്യാസം, നിയമ സാക്ഷരത, ജീവിത നൈപുണ്യ വിദ്യാഭ്യാസം മറ്റു വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം, സ്കിൽ ഡവലപ്പ്മെന്റ് എന്നീ മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാനദണ്ഡങ്ങൾ അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സഹകരണം കൂടി ഉറപ്പാക്കി മികച്ച 'വർണ്ണക്കൂട്ട്' കണ്ടെത്തി എല്ലാ വർഷവും അവാർഡ് നൽകി വരുന്നു.

(2) ബെസ്റ്റ് വർണ്ണക്കൂട്ട് അവാർഡ് നൽകുന്നതിനുള്ള അനുമതിയ്ക്കായി വനിത ശിശു വികസന ഡയറക്ടർ പരാമർശം(2) പ്രകാരം സമർപ്പിച്ച പ്രോപ്പോസൽ 03/04/2025 ലെ ഒന്നാമത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിച്ച് പരാമർശം (3) പ്രകാരം സമഗ്ര ഭരണാനുമതി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(3) പ്രസ്തുത സാഹചര്യത്തിൽ ബെസ്റ്റ് വർണ്ണക്കൂട്ട് അവാർഡ് നൽകുന്നതിനായി ചുവടെ ചേർക്കുന്ന നിബന്ധനങ്ങൾക്ക് വിധേയമായി സമഗ്ര ഭരണാനുമതി നൽകി ഉത്തരവാകുന്നു.

- അങ്കണവാടികളെ വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 2235-02-102-56 (പി) ശീർഷകത്തിൽ അതാത് സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.
- പദ്ധതിയുടെ ഘടകങ്ങളിലോ നിരക്കിലോ, നടത്തിപ്പ് രീതിയിലോ മാറ്റം ഇല്ലാത്ത പക്ഷം പരാമർശം (1) പ്രകാരമുള്ള Delegation of Financial Powerന്റെ അടിസ്ഥാനത്തിൽ അതാത് വർഷത്തെ ബജറ്റ് വിഹിതം കണക്കിലെടുത്ത് തുടർ വർഷങ്ങളിൽ ഭരണാനുമതി നൽകാവുന്നതാണ്.
- പദ്ധതിയുടെ ഘടകങ്ങളിലോ നിരക്കിലോ, നടത്തിപ്പ് രീതിയിലോ എന്തെങ്കിലും മാറ്റമുള്ള പക്ഷം New Scheme ആയി കണക്കാക്കി യഥാനുസരണം ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്.
- പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകളും മാനദണ്ഡങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sithara Vijayan
Date: 31-05-2025 12:09:36
സെക്ഷൻ ഓഫീസർ

**അനുബന്ധം**

മികച്ച വർണ്ണക്കൂട്ട് കണ്ടെത്തി അവാർഡ് നൽകുന്നതിലേക്ക് ചുവടെ പറയും പ്രകാരം ചെലവ് വരുന്നതാണ്.

| വിഭാഗം | എണ്ണം | ഒരു പ്രൊജക്റ്റിനു/ജില്ലയ്ക്കു അനുവദിക്കുന്ന തുക (Rs) | ആകെ തുക |
|---|---|---|---|
| പ്രൊജക്റ്റ് തലം | 258 | 1250/- | 3,22,500/- |
| ജില്ലാതലം | 14 | 5000/- | 70,000/- |
| ആകെ | | | 3,92,500/- |

258 പ്രൊജക്റ്റുകളിലും തെരഞ്ഞെടുത്ത അങ്കണവാടികൾക്ക് 1250/- രൂപാ വീതവും, ജില്ലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 14 അങ്കണവാടികൾക്ക് 5000/- രൂപാ വീതവുമാണ് അവാർഡ് തുകയായി നൽകുന്നത് . ആയതിലേക്ക് ആകെ (258*1250) + (14*5000) = 3,92,500/- രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആവശ്യമാണ്. അങ്കണവാടികളെ വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 2235-02-102-56 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 11 കോടി രൂപയിൽ നിന്നും ഇതിനാവശ്യമായ 3,92,500/- രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) വിനിയോഗിക്കേണ്ടതുണ്ട്.